ഹാൻവീവ് - 4,142

(ഡി) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3600.69 ലക്ഷം രൂപ എം.ഡി.എ. ആയും 2405.63 ലക്ഷം രൂപ റിബേറ്റ് ആയും നൽകി. ഇതുകൂടാതെ 8941.03 ലക്ഷം രൂപ കൈത്തറി മേഖലയിലെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു. ജില്ലതിരിച്ചുള്ള വിവരം ലഭ്യമല്ല.

(ഇ) കഴിഞ്ഞ 10 വർഷങ്ങളിൽ നൽകിയ റിബേറ്റ് ക്ലെയിമിന്റെ ജില്ല തിരിച്ചുള്ള കണക്ക് ഉടനെ ലഭ്യമല്ല. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ (1998-99), (1999-2000) വിതരണം ചെയ്ത റിബേറ്റിന്റെ ജില്ല തിരിച്ചുള്ള വിവരവും ലഭ്യമായ റിബേറ്റു ക്ലെയിമും മുകളിൽ ഇനി കൊടുത്തു തീർക്കുവാനുള്ള തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.

ജില്ലകൾ	നൽകിയ റിബേറ്റ് തുക		കൊടുത്തുതീർക്കുവാനുള്ള റിബേറ്റ്
	1998-99	1999-2000	
തിരുവനന്തപുരം	2,47,76,061	2,37,54,664	2,86,72,994
കൊല്ലം	29,71,025	-	15,75,848
ആലപ്പുഴ	3,21,149	-	13,165
പത്തനംതിട്ട	17,805	17,809	
ഇടുക്കി	30,827	-	-
കോട്ടയം	6,57,445	-	1,11,134
എറണാകുളം	18,97,780	31,29,158	1,00,50,491
തൃശ്ശൂർ	20,81,992	6,79,367	53,42,522
പാലക്കാട്	1,04,76,982	49,30,640	82,32,018
മലപ്പുറം	17,51,981	-	29,269
കോഴിക്കോട്	42,08,056	69,77,433	37,73,177
കണ്ണൂർ	34,09,479	32,22,316	7,69,144
കാസർഗോഡ്	29,55,616	-	15,90,446

(എഫ്) എല്ലാ സംഘങ്ങളിൽ നിന്നുമുള്ള 2000 ജനുവരി വരെയുള്ള ക്ലെയിമുകൾ എത്തിച്ചേർന്നിട്ടില്ല. ലഭ്യമായ ക്ലെയിമുകൾ പ്രകാരം 12,81,26,507 രൂപ റിബേറ്റായി നൽകുവാനുണ്ട്.

(ജി) നിയമവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സമർപ്പിക്കുന്ന ക്ലെയിമുകളിൽനിന്നും തുക നിരസിക്കാറുള്ളതല്ലാതെ ഒരു സംഘത്തിനും അനുവദിച്ച തുക തടഞ്ഞുവച്ചിട്ടില്ല.

(651) മലയോര കർഷകർക്ക് പട്ടയവിതരണം

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര കർഷകർക്ക് പട്ടയ വിതരണം ചെയ്യുന്നതിനാവശ്യമായ ഉത്തരവ് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചത് ഏത് ഗവൺമെന്റിന്റെ കാലത്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) മലയോര കർഷകർക്ക് പട്ടയം നൽകുന്നതിന് മുൻ സർക്കാർ ആരംഭിച്ച നടപടികൾ ഇടക്കാലത്ത് ഹൈക്കോടതി വിധിമൂലം നിർത്തിവയ്ക്കുകയുണ്ടായോ;

(സി) ഇപ്രകാരം നിർത്തിവച്ചിരുന്ന പട്ടയവിതരണം ഹൈക്കോടതിയിൽനിന്നുണ്ടായ അനുകൂല വിധിയെതുടർന്ന് പുനഃരാരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് ഇതുവരെ പുറപ്പെടുവിച്ച ഉത്തരവുകളുടെ കോപ്പിൾ ലഭ്യമാക്കുമോ; പട്ടയ വിതരണ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) നിലവിൽ നടത്തിവരുന്ന പട്ടയവിതരണം നിബന്ധനകൾക്ക് വിധേയമാക്കിയിട്ടുണ്ടോ എന്ന് വെളപ്പെടുത്തുമോ;

(എഫ്) ആണെങ്കിൽ അവ എന്തെന്ന് വ്യക്തമാക്കുമോ; . ഇതുമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കേന്ദ്ര അംഗീകാരം നേടിയ 28588.159 ഹെക്ടർ ഭൂമിയിൽനിന്ന് മുൻ ഗവൺമെന്റ് എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്നും ഈ ഗവൺമെന്റ് ഇതുവരെ എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്നും അറിയിക്കുമോ?

ഉത്തരം

(എ) മുൻ ഗവൺമെന്റിന്റെ കാലത്താണ്.

(ബി) നിർത്തിവയ്ക്കുകയുണ്ടായി.

(സി) പട്ടയം നൽകുന്നതിനുള്ള നടപടികൾ മുൻ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചിരുന്നെങ്കിലും സി.എച്ച്.ആർ. ഭൂമി അല്ലാത്ത വനഭൂമിക്ക് പട്ടയം വിതരണം ആരംഭിച്ചിരുന്നില്ല. അപ്രകാരമുള്ള ഭൂമിക്ക് പട്ടയ വിതരണം ആരംഭിച്ചത് ഹൈക്കോടതിയിൽ നിന്നുണ്ടായ അനുകൂല വിധിയെതുടർന്നാണ്.

(ഡി) 1.1.1977-ന് മുമ്പ് വനഭൂമി കൈയേറിയവർക്ക് പട്ടയം നൽകുന്നത് 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങളനുസരിച്ചാണ്. ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതും ഹൈക്കോടതി ഉത്തരവ് അനുസരിച്ച് ഈടാക്കേണ്ടതുമായ നഷ്ടപരിഹാരത്തുക ഈടാക്കുന്നതിന് സർക്കാർ 19.11.1999-ൽ ജി.ഒ.(എം.എസ്.) നമ്പർ 461/99/റവ. നമ്പർ ഉത്തരവിറക്കിയിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.)† ഇടുക്കി ജില്ലയിൽ 731 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളായ കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പട്ടയങ്ങൾ വിതരണം നടത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ഇ) നിബന്ധനകൾക്ക് വിധേയമായാണ് പട്ടയം നൽകുന്നത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 1993-ലെ പ്രത്യേക ഭൂമിപതിവ് ചട്ടങ്ങളിലെ ചട്ടം-3 പ്രകാരം സ്ഥലം വ്യക്തിഗത കൃഷി ആവശ്യങ്ങൾക്കും വീട് വയ്ക്കുന്നതിനും കട വയ്ക്കുന്നതിനും മാത്രമേ നൽകാൻ പാടുള്ളൂ. ടി ചട്ടങ്ങളിലെ ചട്ടം-4 പ്രകാരം പരമാവധി പതിച്ചുകൊടുക്കാവുന്ന ഭൂമിയുടെ വിസ്തീർണ്ണം 4 ഏക്കറാണ്. നാലേക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവരിൽനിന്നും, അപ്രകാരം കൂടുതലുള്ള ഭൂമി സർക്കാരിന് തിരിച്ച് എടുക്കാവുന്നതും അപ്രകാരം തിരിച്ച് എടുക്കുമ്പോൾ ടി കൈവശക്കാരൻ ഉണ്ടാക്കിയിട്ടുള്ള ചമയങ്ങൾക്ക് നഷ്ടപരിഹാരത്തിന് കൈവശക്കാരന് അർഹതയുണ്ടായിരിക്കുന്നതുമല്ല. ടി ചട്ടങ്ങളിലെ ചട്ടം-9 പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാരായ പതിവുകാരും ഭാര്യയോ ഭർത്താവോ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരായ പതിവുകാരും ഒഴിച്ചുള്ള എല്ലാ പതിവുകാരിൽനിന്നും ടി ചട്ടങ്ങളിലെ ചട്ടം-12-ൽ പറയുന്ന നിരക്കിൽ സ്ഥലം വില ഈടാക്കിയാണ് ഭൂമി പതിച്ചുനൽകേണ്ടത്. ചട്ടം-12 പ്രകാരം 50 സെന്റ് വരെ സ്ഥലം കൈവശമുള്ള പതിവുകാർ സ്ഥലവില നൽകേണ്ടതില്ല. 50 സെന്റിന് മുകളിൽ 2 ഏക്കർ വരെ സ്ഥലം കൈവശമുള്ളവർ ഏക്കറിന് 1000 രൂപ നിരക്കിൽ സ്ഥലവില നൽകേണ്ടതാണ്. 2 ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവർ ഏക്കറിന് 2000/- രൂപാ നിരക്കിലാണ് സ്ഥലവില നൽകേണ്ടത്. പതിവു ഭൂമിയിൽ പിൻതുടർച്ചാവകാശം ഉള്ളതു പട്ടം-15-ലെ രണ്ടാം ഉപ ചട്ടത്തിലെ നിബന്ധനകൾ അനുസരിച്ച് കൈമാറ്റത്തിന് വിധേയവും ആയിരിക്കും.

ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 19.11.1999-ലെ ജി.ഒ.(എം.എസ്.) 461/99/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പതിവുകാർ വനഭൂമി കയ്യേറി പരിസ്ഥിതിക്ക് കോട്ടംവരുത്തിയതിന് നഷ്ടപരിഹാരം നൽകേണ്ടതാണ്. ടി സർക്കാർ ഉത്തരവ് പ്രകാരം 25 സെന്റ് വരെ ഭൂമി കൈവശമുള്ളവരും ടി ഭൂമിയിൽ വീട് വെച്ച് താമസിക്കുന്നവരുമായ പതിവുകാർ നഷ്ടപരിഹാര തുക നൽകേണ്ടതില്ല. 25 സെന്റിന് മുകളിൽ ഭൂമി കൈവശമുള്ള പതിവുകാർ ഏക്കറിന് 5000/- രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാർ നഷ്ടപരിഹാര തുക നൽകേണ്ടതില്ല. നഷ്ടപരിഹാരതുകയും സ്ഥലവിലയും മുഴുവൻ നൽകി കഴിഞ്ഞാൽ മാത്രമേ പട്ടയം നൽകുകയുള്ളൂ. ഇതുമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുകയാണ്.

(ജി) കേന്ദ്ര വനം വകുപ്പിന്റെ ഔദ്യോഗികമായ അനുവാദം ലഭിച്ചത് 31.1.1995-ലാണ്. എന്നാൽ 20.3.1993-ൽ തന്നെ അന്നത്തെ കേന്ദ്രമന്ത്രി ശ്രീ. കമൽനാഥിനെക്കൊണ്ട് പട്ടയ വിതരണം ഉത്ഘാടനം ചെയ്യിച്ച സംഭവമുണ്ടായിട്ടുണ്ട്. തുടർന്ന് 1993-ലെ ഒ.പി.യിൽ പട്ടയവിതരണം സ്റ്റേ ചെയ്തുകൊണ്ട് 23.11.1994-ൽ ഹൈക്കോടതി നിർദ്ദേശമുണ്ടായി. എങ്കിലും സി.എച്ച്.ആർ. ഭൂമി 1980-ലെ വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെട്ടിട്ടില്ല എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ 28588.159 ഹെക്ടർ ഭൂമിയിൽപ്പെട്ട ഇടുക്കി ജില്ലയിലെ 12323 സി.എച്ച്.ആർ. ഭൂമി കൈവശക്കാർക്ക് 1.5.1993-നും 23.11.94-ലെ വിധി കൈപ്പറ്റുന്നതിനിടയിലുമായി വിതരണം ചെയ്തിട്ടുണ്ട്. കോടതി വിധിയ്ക്കു വിധേയമായി എന്ന വ്യവസ്ഥയിലാണ് ഈ പട്ടയങ്ങൾ നൽകിയത്. സി.എച്ച്.ആർ. ഭൂമി അല്ലാത്തതും മേൽപ്പറഞ്ഞ വ്യവസ്ഥാതടസ്സം ഇല്ലാത്തതും പൂർണ്ണമായും നിയമപരിരക്ഷയുള്ളതുമായ ഒരു പട്ടയവും മുൻ ഗവൺമെന്റിന്റെ കാലത്ത് നൽകിയിട്ടില്ല. ഈ സർക്കാർ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് മാസത്തിനുള്ളിൽ ഇടുക്കി ജില്ലയിൽ മാത്രം 731 പട്ടയങ്ങൾ മുൻ വന ഭൂമി കൈവശക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(633) തിരുവനന്തപുരത്ത് എ.കെ.ജി. പഠന ഗവേഷണ കേന്ദ്രം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് എ.കെ.ജി. പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് സർക്കാർ സ്ഥലം പതിച്ചുനൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെ പേർക്കാണ് സ്ഥലം പതിച്ചു നൽകിയതെന്ന് വെളിപ്പെടുത്തുമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ട്രസ്റ്റിന്റെ പേരിലാണ് പതിച്ചുനൽകിയതെങ്കിൽ ആ ട്രസ്റ്റ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും രജിസ്ട്രേഷൻ നമ്പർ എത്രയാണെന്നും വെളിപ്പെടുത്തുമോ,

(ഡി) ട്രസ്റ്റ് രജിസ്റ്റർ ചെയ്ത് സ്ഥലം ആവശ്യപ്പെടുമ്പോഴുള്ള അംഗങ്ങളുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഇ) ഈ ട്രസ്റ്റ് ഇപ്പോഴും നിലവിലുണ്ടോ എന്നും ഏതുവരെ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്)ഈ പഠന ഗവേഷണ സ്ഥാപനം നിലവിൽവന്നശേഷം എപ്പോഴെങ്കിലും സ്ഥലം അനുവദിച്ച് നൽകിയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമായാണോ സ്ഥലം വിനിയോഗിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതെന്നാണെന്നും പരിശോധിച്ച ഉദ്യോഗസ്ഥൻ ആരാണെന്നും പരിശോധനാഫലം എന്തായിരുന്നുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെക്രട്ടറി എ.കെ.ജി. മെമ്മോറിയൽ കമ്മിറ്റി തിരുവനന്തപുരം എന്ന പേരിലാണ് സ്ഥലം പതിച്ചുനൽകിയത്. 1977-ലാണ് ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത്. ഉത്തരവിന്റെ പകർപ്പ് ഇപ്പോൾ ലഭ്യമല്ല.

(സി)-(ഇ) ട്രസ്റ്റിന്റെ പേരിലല്ല പതിച്ചുനൽകിയത്.

(എഫ്)ഇല്ല.

(ജി) ബാധകമല്ല.

(635) സർക്കാർ സ്ഥലം പതിച്ചുനൽകുന്നതിനുള്ള മാനദണ്ഡം

ശ്രീ. പി.ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർവക സ്ഥലം ഏതെങ്കിലും സംഘടനകൾക്കോ, രാഷ്ട്രീയ പാർട്ടികൾക്കോ പതിച്ചു

LIBRARY ARCHIVES Kerala Legislative Assembly